## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4303 24.06.2019 -ൽ മറുപടിക്ക്

### കരിയർ ഡെവലപ്മെന്റ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇത്തരം സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ. ഒരു കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് കുറഞ്ഞത് 3000 ചതുരശ്ര അടി സ്ഥലം (അനുയോജ്യമായ സർക്കാർ വക കെട്ടിടം) ആവശ്യമാണ്. കരിയർ വിജ്ഞാനം ഇനിയും എത്തിച്ചേരാത്ത ഗ്രാമീണ മേഖലകളിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിദൂര ഗ്രാമീണ മേഖലകളിലെ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ചാണ് നിലവിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഇത്തരം സെന്ററുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഇവ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇത്തരം സെന്ററുകൾ ആരംഭിയ്ക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരം സെന്ററുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഇവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ നയം പ്രകാരം എല്ലാ ജില്ലകളിലും ഒരു കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും കോട്ടയം ജില്ലയിൽ വൈക്കത്തും കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലും സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പുതുതായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**